പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1497 — 05.12.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി വിഷ്ണുനാഥ്**<br>**,, ലൂഡി ലൂയിസ്**<br>**,, ഹൈബി ഈഡൻ**<br>**,, വർക്കല കഹാർ** | | **ശ്രീ.കെ.സി.ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ സ്ത്രീത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) | 2011-12 സാമ്പത്തിക വർഷം 90 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം ധനസഹായം നൽകി. ഇതിലേക്കായി 10.46 കോടി രൂപ ചെലവഴിച്ചു. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലിചെയ്ത എല്ലാ സ്ത്രീതൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്തു. ഇതിലേക്കായി 13,61,24800/- രൂപ സർക്കാർ അനുവദിച്ചു. |
| (ഡി) | കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഇക്കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്, വിശദാംശങ്ങൾ നൽകാമോ? | (ഡി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ